# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

നമ്പർ-F1/14291/18

തീയതി- 29.08.2018

## സർക്കുലർ നമ്പർ 30/ 2018-2019

വിഷയം-സംസ്ഥാനത്തെ പ്രളയക്കെടുതി ദുരിതാശ്വാസം- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നത്-തുടർ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 1. ബഹു: ബോർഡ് ചെയർമാന്റെ നിർദ്ദേശം.
2. 18.08.2018 ലെ സ.ഉ.(അച്ചടി) നമ്പർ 134/2018/ധന നമ്പരായുള്ള ഉത്തരവ്.
3. 14.08.2018 ലെ 74/2018/ധന നമ്പർ സർക്കാർ പരിപത്രം.
4. 20.08.2019 ലെ സർക്കുലർ നമ്പർ 29/2018-19.
5. ബോർഡ് ചെയർമാന്റെ കത്ത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നതിന് സൂചന (2) , (3) പ്രകാരം സർക്കാർ ഉത്തരവായ സാഹചര്യത്തിൽ ആയത് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ജീവനക്കാർക്കും ബാധകമാക്കിയിരിക്കുന്നു. സൂചന (4) പ്രകാരം രജിസ്റ്റേർഡ് ചുമട്ടുതൊഴിലാളികളിൽ നിന്നും 600/- രൂപ വീതം ആഗസ്റ്റ് മാസ വേതനത്തിൽ നിന്ന് കിഴിവ് ചെയ്ത് ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു. ടി തുക തുടർന്ന് വരുന്ന മാസങ്ങളിലെ വേതനത്തിൽ നിന്നോ തൊഴിലാളികൾക്കു നൽകുന്ന മറ്റ് ആനുകൂല്യങ്ങളിൽ നിന്നോ തവണകളായി തിരികെ ഈടാക്കുന്നതിന് അനുമതി നൽകുന്നു. സൂചന (5) പ്രകാരം ബഹു:ബോർഡ് ചെയർമാന്റെ നിർദ്ദേശാനുസരണം ചുമട്ടുതൊഴിലാളികളിൽ നിന്ന് 1000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യണമെന്ന് ആവശ്യപ്പെട്ടതുപ്രകാരം ബാക്കി തുക 400/- രൂപ അവർക്ക് നൽകാനുള്ള അവധി ദിന വേതനത്തിൽ നിന്ന് കിഴിവ് വരുത്തുന്നതിനും ടി തുക മുൻകൂറായി 31.08.2018 ന് മുമ്പായി ബോർഡിലേയക്ക് അയച്ചു തരുന്നതിനും നിർദ്ദേശിക്കുന്നു. പ്രളയ ബാധിതരായ തൊഴിലാളികളുടെ പക്കൽ നിന്നും തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഇളവുകൾ സംബന്ധിച്ച് കമ്മിറ്റി തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

എല്ലാ ഓഫീസുകളിൽ നിന്നും ജില്ലാ കമ്മിറ്റി തലത്തിൽ തുക സമാഹരിച്ച് എസ്.ബി.ഐ.യുടെ 10245051076 എന്ന അക്കൗണ്ട് നമ്പറിലേയ്ക്ക് (IFSCode- SBIN0009122, Branch Lissie Hospital) The Chief Executive, Kerala Headload Workers Welfare Board എന്ന പേരിൽ ആർ.റ്റി.ജി.എസ്./എൻ.ഇ.എഫ്.ടി. ചെയ്യേണ്ടതും ആയതിന്റെ ലിസ്റ്റ് khwwboardfinance@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

Shyja S
29/8/18
ചീഫ് എക്സിക്യൂട്ടീവ് (I/C)

സ്വീകർത്താവ്

എല്ലാ കമ്മിറ്റി ചെയർമാന്മാർക്കും